വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, എനിക്ക് വളരെ താൽപ്പര്യമുള്ള റോഡാണിത്. അത് എന്റെ നിയോജകമണ്ഡലത്തിനു സമീപമാണ്. ആയവന-ആവോലി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡിന്റെ പണിക്ക് 25-1-1994-ൽ കരാർ നൽകി. 1998-ലാണ് കരാറുകാരനെ ഒഴിവാക്കാൻ തീരുമാനിച്ചത്. അദ്ദേഹം പറഞ്ഞ രണ്ടു കാരണങ്ങൾക്കുപുറമേ ഈ റോഡ് മേജർ ഡിസ്ട്രിക്ട് റോഡിൽപ്പെട്ടിട്ടുണ്ടോ എന്നറിയണം ഇല്ലെങ്കിൽ പി. ഡബ്ല്യു. ഡി. ആ വർക്ക് ഏറ്റെടുക്കുകയില്ല. കരാറുകാരനെ ഒഴിവാക്കിയതുകൊണ്ട് ഓൺ ഗോയിംഗ് വർക്ക് തീർന്നു. മേജർ ഡിസ്ട്രിക്ട് റോഡായി വരുന്നില്ലായെങ്കിൽ പി. ഡബ്ല്യു. ഡി.യിൽ നിന്നും നമ്മുടെ ഇപ്പോഴത്തെ നിയമമനുസരിച്ച് ഒരു പൈസ ചെലവാക്കാൻ പറ്റില്ല, ഹെഡിൽ പണമുണ്ടാവില്ല. മേജർ ഡിസ്ട്രിക്ട് റോഡുകളും സ്റ്റേറ്റ് ഹൈവേകളും മാത്രമേ ഇന്ന് പി. ഡബ്ല്യു. ഡി. പണി നടത്തുകയുള്ളൂ. അതുകൊണ്ട് മേജർ ഡിസ്ട്രിക്ട് റോഡാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് ഇപ്പോൾ ചെയ്യാൻ കഴിയുന്നത്.

(11) റബ്ബറൈസ്ഡ് റോഡുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച്

ശ്രീ. ജോസ് ബേബി : സർ, നമ്മുടെ സംസ്ഥാനത്തെ റോഡുകൾ കേടുവരുന്ന ഒരു സംഭവം ഇപ്പോഴുണ്ട്. അതിനുകാരണം നിലവിലുള്ള റോഡുകളിലെ ടാറിംഗ് ലാസ്റ്റുചെയ്യുന്നില്ല. നമ്മുടെ സംസ്ഥാനത്തുൾപ്പെടെ ഇന്ത്യയിലെ പല പ്രദേശങ്ങളിലും വളരെയേറെ ശ്രദ്ധേയമായ വിഷയമാണ് റബ്ബറൈസ്ഡ് ടാറിംഗ്. സംസ്ഥാനത്തെ മിക്ക റോഡുകളിലും ടാറിംഗ് കൊണ്ട് അടിക്കടി ഉണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിൽ നിന്നും കരകയറണമെങ്കിൽ, അതുപോലെ നമ്മുടെ കാർഷിക മേഖലയെ, റബ്ബർ മേഖലയെ സംരക്ഷിക്കുന്നതിനുതകുന്ന തരത്തിൽ റോഡുകൾ റബ്ബറൈസ്ഡ് ചെയ്യാനുള്ള ഒരു സംവിധാനമുണ്ടാകണം. ഇപ്പോൾത്തന്നെ ചില പ്രദേശങ്ങളിൽ അത് പരിഷ്ക്കരിച്ചിട്ടുണ്ട്. ആ പരീക്ഷണം വിജയമാണെന്ന് തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്താകെ ആ സംവിധാനം വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെന്റ് എടുക്കണമെന്നാണ് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ. കെ. റോഡിൽ 5 കിലോമീറ്റർ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ച് ചെയ്തു. ആ റോഡ് ഇപ്പോൾ മെച്ചപ്പെട്ട രീതിയിലാണ്. മൂന്നുകൊല്ലമായിട്ടും യാതൊരു കേടുപാടുമുണ്ടായിട്ടില്ല. കഴിഞ്ഞ ഏതാനും മാസങ്ങൾക്കു മുമ്പ് കോട്ടയം പട്ടണത്തിലെ ഒരു കിലോമീറ്റർ റോഡ് റബ്ബറൈസ്ഡ് ചെയ്തിട്ടുണ്ട്. കൂടുതലായി ചെയ്യുന്നതിന്, റിഫൈനറിയിൽത്തന്നെ വാണിജ്യാടിസ്ഥാനത്തിൽ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉണ്ടാക്കണം. അതായത് ഇതുവരെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത് വീപ്പയിൽ ടാർ ചൂടാക്കി അതിലേയ്ക്ക് കുറേശ്ശെ റബ്ബർപാൽ ഉപയോഗിച്ചു ചെയ്യുന്ന ഒരു രീതിയാണ്. അത് നമുക്ക് വളരെ കുറച്ചു സ്ഥലത്തുമാത്രമേ ചെയ്യാൻ പറ്റുകയുള്ളൂ. ഓയിൽ റിഫൈനറിയിൽനിന്നും തന്നെ ഈ ബിറ്റുമിൻ റബ്ബർ പാലുമായി കൂട്ടിച്ചേർത്ത് അത് വീപ്പകളിലാക്കി വന്നാൽ മാത്രമേ വ്യാപകമായ തോതിൽ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ കഴിയുകയുള്ളു. അവരുമായി രണ്ടുകൊല്ലമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 15,000 ടൺ റബ്ബറൈസ്ഡ് ബിറ്റുമിൻ ഇത്തവണ ഉൽപ്പാദിപ്പിച്ചു തരാമെന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെ ഉൽപ്പാദിപ്പിച്ചുതന്ന റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് കോട്ടയത്ത് ആ വർക്ക് ചെയ്തത്. ടാറിന്റെ കാര്യത്തിൽ കുറച്ച് പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോൾ കിട്ടുന്ന ക്രൂഡ് വേസ്റ്റ് തീരെ കുറവാണ്. ടാറിന്റെ ഉൽപ്പാദനം ഇന്ത്യയിലാകെ നാലിലൊന്നായി കുറഞ്ഞിരിക്കുകയാണ്. അതിനൊരു മാറ്റം വരുത്താൻ അഖിലേന്ത്യാടിസ്ഥാനത്തിൽ തന്നെ ഒരു ചർച്ച ഡൽഹിയിൽ വച്ച് നടത്തിയതിന്റെ ഫലമായി അടുത്തമാസം മുതൽ സ്ഥിതി മെച്ചപ്പെടും എന്നാണ് പറയുന്നത്. പഴയ രീതിയിൽ കൂടുതൽ വേസ്റ്റ് വരുന്ന ടൈപ്പ് ക്രൂഡാണ് കിട്ടേണ്ടത്. ഇപ്പോൾ 15,000 ടൺ ടാർ മൊത്തത്തിൽ കുറവായതുകൊണ്ട് അൽപ്പം മന്ദീഭവിച്ചിട്ടുണ്ട്. കേരളത്തെ സംബന്ധിച്ച് മഴ കൂടുതലുള്ളതുകൊണ്ട് റബ്ബറൈസ്ഡ് ചെയ്യുന്നതുകൊണ്ട് ഒട്ടേറെ ബെനിഫിറ്റ്സ് ഉണ്ട്. 20 ശതമാനം കോസ്റ്റ് കൂടുകയേയുള്ളൂ. എന്നാൽ റോഡിന്റെ ലൈഫ് ഇരട്ടിയായി വർദ്ധിക്കുകയും ചെയ്യും. ഇതിനുള്ള മെച്ചം അന്തരീക്ഷത്തിലെ താപവ്യതിയാനം റബ്ബറൈസ്ഡ് ബിറ്റുമിനെ കാര്യമായി ബാധിക്കുന്നില്ല. ഉയർന്ന ഊഷ്മാവിൽ റോഡിന്റെ ഉപരിതലം ഉരുകുന്നതും താഴ്ന്ന ഊഷ്മാവിൽ ഉപരിതലം പൊട്ടിപ്പൊളിയുന്നതും ഇത് തടയുന്നു. റബ്ബറൈസ്ഡ് ബിറ്റുമിന് skid resistance ഉണ്ട്, തെന്നലുണ്ടാവുകയില്ല. റോഡിന്റെ വിരിപ്പ് കൂടുതലായി വർദ്ധിക്കുന്നു. റോഡ് പൊട്ടിപ്പൊളിയുന്നതും കട്ടിപിടിക്കുന്നതും കുറയുന്നു. പലഭാഗത്തും ടാർ കട്ടിപിടിക്കുന്നതെല്ലാം റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാൽ തടയാൻ കഴിയും. റോഡിന്റെ കണ്ടീഷൻ മെച്ചപ്പെടുന്നതുകൊണ്ട് വാഹനങ്ങളുടെ ഇന്ധനകാര്യക്ഷമത വർദ്ധിക്കുന്നു. ഈ കാരണങ്ങൾകൊണ്ട് കേരളത്തിലെ മുഴുവൻ റോഡുകളും ഘട്ടംഘട്ടമായി റബ്ബറൈസ്ഡ് ചെയ്യുക എന്ന ഒരു സമീപനമാണ് ഗവൺമെന്റ് എടുക്കുന്നത്. ഇത് റോഡിന്റെ ലൈഫ് ഇരട്ടിയാക്കാൻ സഹായിക്കും. ഒരു ചെറിയ പരിധിവരെ റബ്ബർ കർഷകർക്കും സഹായകരമായിരിക്കും.

(12) ഹോട്ടലുകളിലേയും വ്യാപാരസ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് ക്ഷേമനിധി

ശ്രീ. എളമരം കരീം : സർ, സംസ്ഥാനത്തെ ഹോട്ടലുകളിലും വ്യാപാര സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന ലക്ഷക്കണക്കിനുവരുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്ന് വളരെക്കാലമായി ആവശ്യപ്പെട്ടുവരികയാണ്. 1998-99 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതായി സഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ ഇന്നുവരെ അതിനുള്ള നിയമനിർമ്മാണം പ്രസിദ്ധീകരിച്ചിട്ടില്ല. ഈ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ വ്യാപാരികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. ആ തൊഴിലാളികൾക്ക് Shops & Commercial Establishment Act ബാധകമാണ്. തൊഴിലാളികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള മിനിമം കൂലിപോലും ലഭിക്കാത്തവരാണ് വ്യാപാര സ്ഥാപനങ്ങളിലെ മഹാ ഭൂരിപക്ഷവും. ജോലിസമയം സംബന്ധിച്ച

LIBRARY ARCHIVES Kerala Legislative Assembly